Draft #4 of File AD A1/2/41-MGU.Order/2021 Approved by ASSISTANT REGISTRAR I (ADMIN) on 07-Dec-2021 12:07 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## <u>സംഗ്രഹം</u>

ജീവനക്കാര്യം - കേരള സർവ്വകലാശാല നിയമപരിഷ്കരണ കമ്മീഷൻ സർവ്വകലാശാലകളുമായി യോഗം- പ്രതിനിധികളെ നിയോഗിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 6814/AD A1/2021/എം.ജി.യു                                   പ്രിയദർശിനി ഹിൽസ്,തീയതി: 07.12.2021

---

*പരാമർശം:*-1.G.O(MS) No.389/2021/H.Edn dted:21.09.2021

2.യൂണിവേഴ്സിറ്റി ആക്ട് കമ്മീഷൻ, ചെയർമാൻ 28.11.2021 ൽ രജിസ്ട്രാർക്ക് നൽകിയ ഈ മെയിൽ മുഖേനയുള്ള കത്ത്, ബഹു.വൈസ് ചാൻസിലറുടെ 29.11.2021തീയതിയിലെ ഉത്തരവ് സഹിതം.

## <u>ഉത്തരവ്</u>

യൂണിവേഴ്സിറ്റി നിയമങ്ങളുടെ ഭേദഗതികൾക്കായി കേരള സർക്കാർ പരാമർശം (1) പ്രകാരം ഒരു കമ്മീഷനെ രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മീഷൻ ഇതുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾക്കും/നിർദ്ദേശങ്ങൾക്കുമായി സർവ്വകലാശാലകളിലെ പ്രതിനിധികളുടെ ഒരു യോഗം 18.12.2021 ശനിയാഴ്ച രാവിലെ 10.00- ന് എറണാകുളം ഗവ.ഗസ്റ്റ് ഹൗസിൽ വെച്ച് കൂട്ടുവാൻ തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത യോഗത്തിൽ, റഫറൻസുകളുടെ നിബന്ധനകളെകുറിച്ചും സർവ്വകലാശാലയുടെ നിയമങ്ങളിൽ ആവശ്യമായ ഭേദഗതികളെകുറിച്ചും മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ അഭിപ്രായങ്ങളും / നിർദ്ദേശങ്ങളും കമ്മീഷൻ പ്രതീക്ഷിക്കുന്നതായി അറിയിച്ചിരിക്കുന്നു. ആയതിനാൽ മഹാത്മാ ഗാന്ധി സർവ്വകലാശാലയെ പ്രതിനിധീകരിച്ച് പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്നതിനായി രജിസ്ട്രാർ, ഭരണ വിഭാഗം ജോയിന്റ് രജിസ്ട്രാർ -1, അക്കാദമിക്ക് ലെജിസ്ലേഷൻ സെക്ഷനിലെ സെക്ഷൻ ഓഫീസർ എന്നിവരെ നിയോഗിച്ചുകൊണ്ട് പരാമർശം (2) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

നിയോഗിക്കപ്പെട്ടിരിക്കുന്ന പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കുന്നതിനായി യഥാസമയം ഹാജരാകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ
2 .പി.വി.സി., വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറി
3 . രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4 . ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/പരീക്ഷ/അക്കാദമികം/ധനകാര്യം)
5 . പി.ആർ.ഒ./കണ്ടൻറ് മാനേജ്മെൻറ്സെക്ഷൻ/ഐ.ക്യു.എ.സി.
6. യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7 . ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി.യു .
8.റെക്കോർഡ്സ് സെക്ഷൻ /സ്റ്റോക്ക് ഫയൽ/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം